# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.566 13.01.2021-ൽ മറുപടിക്ക്**

## കോട്ടയം ടെക്സ്റ്റയിൽസിന്റെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) കോട്ടയം ടെക്സ്റ്റയിൽസിന്റെ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ മില്ലേ ഓഫിലാണ്. മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) തൊഴിലാളികളുടെ ഷിഫ്റ്റ് സമ്പ്രദായത്തിൽ ഉണ്ടായിരിക്കുന്ന അവ്യക്തത നീക്കുന്നതിന് സർക്കാർ നിയമ നിർമ്മാണം കൊണ്ടു വരുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; | (ബി) രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്ട്, 1948 സെക്ഷൻ 66 ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് ഓർഡിനൻസ് അംഗീകരിക്കുന്ന വിഷയവും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു.ഗവർണ്ണറോട് ശിപാർശ ചെയ്യുന്ന വിഷയവും മന്ത്രിസഭ യോഗം അംഗീകരിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട ഭേദഗതി സംബന്ധിച്ച വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയും സമവർത്തി ലിസ്റ്റിലെ വിഷയത്തെ സംബന്ധിച്ച് പാർലമെന്റ് മുമ്പ് ഉണ്ടാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല എന്നതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടുന്നതിനായി കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്കു കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോട്ടയം ടെക്സ്റ്റയിൽസിനെ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേക്ക് നൽകുമെന്നറിയിക്കാമോ? | (ഡി) | കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്ത് തീർത്തിട്ടില്ല.<br><br>30.09.2016 മുതൽ 19.02.2017 വരെ ലേ ഓഫിൽ ആയിരുന്ന മിൽ സർക്കാർ ധനസഹായത്തോടു കൂടി 2017 ൽ തുറന്നു പ്രവർത്തിച്ച് നൂൽ ഉൽപാദനം നടത്തിയെങ്കിലും, 2009-10 വർഷത്തിനു ശേഷം തുടർച്ചയായ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. യൂട്ടിലൈസേഷൻ കുറവും ടെക്സ്റ്റൈൽ മേഖലയിലെ വിപണിമാന്ദ്യവും അസംസ്കൃത വസ്തുവായ പഞ്ഞിയുടെ അഭാവവും മില്ലിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇതു മൂലം ഉൽപാദനനഷ്ടവും സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ തടസ്സവും വന്നിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആകുകയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് ലാഭത്തിലാകുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ മിൽ ലേ ഓഫിലാണ്. തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ